**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1596** **08-12-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വം പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിൽ ദേവസ്വം പട്ടയത്തിന് അപക്ഷേ നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും പട്ടയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | 1963- ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം കുടിയായ്മ, കുടികിടപ്പ് എന്നിവ ലഭിക്കുന്നതിനായി ലാൻഡ് ട്രൈബ്യൂണലുകളിൽ ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ നിരവധി മിഷൻമോഡ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം 100 ദിന പരിപാടിയുടെ ഭാഗമായി 13500 എൽ. റ്റി കേസുകളും രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി 40000 എൽ. റ്റി കേസുകളും തീർപ്പാക്കി പട്ടയം നൽകിയിട്ടുണ്ട്. 2022 നവംബർ മുതൽ പ്രഖ്യാപിച്ചിരിക്കുന്ന മിഷൻമോഡ് പദ്ധതിയുടെ ഭാഗമായി 60000 കേസുകൾ തീർപ്പാക്കാനുള്ള പദ്ധതി പുരോഗമിച്ച് വരുന്നു.<br><br>ദേവസ്വങ്ങൾ ജന്മിയായി വരുന്ന കേസുകളാണ് ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾ തീർപ്പാക്കുന്നത്. എന്നാൽ ദേവസ്വങ്ങളുടെ ഭൂമി നഷ്ടപ്പെടുന്നുവെന്ന് കാണിച്ച് കണ്ണൂർ ജില്ലയിൽ നിന്നുള്ള ചില വ്യക്തികൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് കാരണം കണ്ണൂർ ജില്ലയിലെ ദേവസ്വം കേസ് തീർപ്പാക്കലിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ നിലവിലെ പട്ടയ മിഷനിൽ ഉൾപ്പെടുത്തിയും ബഹു. ഹൈക്കോടതിയുടെ WP(C) 8851/20 എന്ന നമ്പർ കേസിലെ ഉത്തരവിലെ നിരീക്ഷണങ്ങൾ അനുസരിച്ചും പരമാവധി വേഗത്തിൽ അർഹരായവർക്ക് ക്രയ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ ദേവസ്വം ട്രൈബ്യൂണലുകൾക്കും സ്റ്റേറ്റ് ലാൻഡ് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ